## പതിമൂന്നാം കേരളനിയമസഭ

### പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 2711** — **10.12.2014 ലെ മറുപടിയ്ക്ക്**

### നാട്ടിക മണ്ഡലത്തിൽ മുനയത്ത് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.ഗീതാഗോപി** | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| എ) നാട്ടിക മണ്ഡലത്തിൽ കരുവന്നൂർ പുഴയുടെ കുറുകെ മുനയത്ത് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചതിനു ശേഷവും ടെൻഡർ ചെയ്ത പ്രവൃത്തി തുടങ്ങാനുള്ള കാലതാമസത്തിനു കാരണം വിശദമാക്കാമോ ; | എ) ബി) & സി) മുനയം റഗുലേറ്ററിന്റെ നിർമ്മാണ പ്രവർത്തനത്തിന് സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 1066/2013/ജവിവ തിയതി 1/10/2013 പ്രകാരം 21.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ എസ്റ്റിമേറ്റിൽ പാലത്തിന്റെ വീതി 3 മീറ്ററാണ് കണക്കാക്കിയിരുന്നത്. എന്നാൽ ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തി പാലത്തിന്റെ വീതി 7 മീറ്റർ (2 lane) ആക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) ബണ്ട് നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമാക്കാത്തതിനുള്ള കാരണം വിശദമാക്കുമോ; | |
| സി) സാങ്കേതികാനുമതി നല്കി പ്രവൃത്തി തുടങ്ങുവാൻ എത്രയും വേഗം നടപടികൾ സ്വീകരിക്കുമോ? | |

Tammy P.S
സെക്ഷൻ ഓഫീസർ